## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ - അപാകതകൾ പരിഹരിച്ച് ഉത്തരവാകുന്നു.

=====================================================================

### തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(എം.എസ്) നം. 241/2012/തസ്വഭവ. തീയതി, തിരുവനന്തപുരം, 22/09/2012.

=====================================================================

പരാമർശം:- 1. സ.ഉ.(എം.എസ്) നമ്പർ 200/2011/തസ്വഭവ തീയതി 25.8.2011.
2. സ.ഉ.(സാധ.) നം. 2912/2011/തസ്വഭവ തീയതി 8.12.2011.

### ഉത്തരവ്

സംസ്ഥാനത്തെ നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മേൽ ഒന്നും രണ്ടും പരാമർശ ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകളിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ സർവ്വീസ് സംഘടനകൾ സർക്കാർ മുമ്പാകെ നിവേദനങ്ങൾ സമർപ്പിയ്ക്കുകയും അപാകതകൾ പരിഹരിക്കുന്നതു സംബന്ധിച്ച് 9.12.2011-ന് ബന്ധപ്പെട്ട മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ സംഘടകളുമായി ചർച്ച നടത്തുകയുമുണ്ടായി. ചർച്ചയിൽ ചൂണ്ടിക്കാണിച്ച അപാകതകൾ സർക്കാർ വിശദമായി പരിശോധിച്ചു. നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ വേതനം പരിഷ്ക്കരിച്ച് പുറപ്പെടുവിച്ച പരാമർശം 1 ഉത്തരവിലെ സേവനവേതന വ്യവസ്ഥകളിലെ IV, XV, XVI, XXI ഇനങ്ങളിലെ അപാകതകൾ പരിഹരിച്ച്, താഴെ പ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഇനം(IV) ഉത്തരവിന്റെ പ്രാബല്യവും കുടിശ്ശികയും

നഗരസഭ/മുനിസിപ്പാലിറ്റികളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പുതുക്കിയ നിരക്കിലുള്ള ശമ്പള വർദ്ധനവ് 1/7/2009 മുതൽ 25/8/2011 വരെയുള്ള മുഴുവൻ ശമ്പള കുടിശ്ശിക രണ്ടു ഗഡുക്കളായി അനുവദിക്കുന്നു.

2. ഇനം(XV) യൂണിഫോം അലവൻസ്

കണ്ടിജന്റ് ജീവനക്കാരുടെ ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് പ്രസ്തുത ജീവനക്കാർക്ക് മൂന്ന് ജോഡി യൂണിഫോം അനുവദിക്കുന്നു. കൂടാതെ കണ്ടിജന്റ് ജീവനക്കാരുടെ പ്രത്യേക തൊഴിൽ സാഹചര്യം കണക്കിലെടുത്ത് സ്പെഷ്യൽ കേസായി മാലിന്യം നീക്കം ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് മാത്രം ഓരോ വർഷവും ഓരോ സെറ്റ് ഗംബൂട്ടും ഒരു റെയിൻകോട്ടും ...ഓരോ ജോഡി കൈയ്യുറയും അനുവദിക്കുന്നു.

3. ഇനം(XVI) **സോപ്പ്**

നിലവിൽ അനുവദിച്ചിട്ടുള്ള 200 ഗ്രാം സോപ്പ് പ്രതിമാസം 400 ( ആയി വർദ്ധിപ്പിച്ച് അനുവദിക്കുന്നു എന്ന പരാമർശം ഒന്നിലെ ഉത്ത നിലവിൽ അനുവദിച്ചിട്ടുള്ള 300 ഗ്രാം സോപ്പ് പ്രതിമാസം 400 ( ആയി വർദ്ധിപ്പിച്ച് അനുവദിക്കുന്നു എന്ന് തിരുത്തി ഉത്തരവാകു

4. ഇനം(XXI) **ഭവന നിർമ്മാണ വായ്പ/വാഹനവായ്പ**

മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർക്ക് ഭവന നിർമ്മാണ വായ് അനുവദിക്കണമെന്ന ആവശ്യത്തിൽ അതത് മുനിസിപ്പാലിറ്റികൾ ( തീരുമാനമെടുക്കുന്നതിന് അനുമതി നൽകുന്നു.

2. ഇതര ആവശ്യങ്ങൾ സംബന്ധിച്ച് താഴെപ്പറയും പ്രകാരം ഉത്തരവ് പു പ്പെടുവിക്കുന്നു:-

1) ശമ്പള പരിഷ്ക്കരണത്തിന് മുമ്പ് തുല്യതയുണ്ടായിരുന്ന തസ്തികകളുടെ അതേ ശമ്പള നിരക്കുകളാണ് മേൽ ഒന്നാം സൂചന ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളതിനാൽ ഇനിയൊരു ശമ്പള വർദ്ധനവ് അനുവദിക്കുന്നതിനുള്ള ആവശ്യം നിരസിക്കുന്നു.

2) നാലാമത് ഗ്രേഡിന്റെ ആനുകൂല്യം ലഭിക്കാത്തത് സംബന്ധിച്ച ജീവനക്കാരുടെ ആവശ്യത്തിൻമേൽ വിശദമായ നിർദ്ദേശം സർക്കാരിൽ സമർപ്പിക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

3). ജോലിസമയം മാറ്റം വരുത്തുന്നത് സംബന്ധിച്ച ആവശ്യം ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ ആയത് നിരസിക്കുന്നു.

4) മെഡിക്കൽ ചെക്കപ്പ് സംബന്ധിച്ച് പരാമർശം ഒന്നിലെ ഉത്തരവിലെ ഇനം XX നടപ്പിലാക്കുന്നതിനും മുൻ ശമ്പള പരിഷ്ക്കരണത്തിലെ കുടിശ്ശിക-യായുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും നഗരസഭകൾ തൊഴിലാളികളിൽ നിന്നും പിടിച്ച വിഹിതം പി. എഫിൽ അടക്കുന്നതിനും നഗരകാര്യ ഡയറക്ടർ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

5) ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രിന്റ് ചെയ്തു തന്നെയാണ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാൽ ഇത് സംബന്ധിച്ച ആവശ്യം പ്രസക്തമല്ല.

6) ശമ്പള നിർണ്ണയ ചട്ടങ്ങളിലെ ജനറൽ റൂളിൽ ഒരു വിഭാഗം ജീവനക്കാർക്ക് മാത്രമായി ഇളവനുവദിക്കുവാനാകില്ല എന്നതിനാൽ ശമ്പള പരിഷ്ക്കരണത്തിൽ അർഹമായ തുക അടിസ്ഥാന ശമ്പളമായി നിലനിർത്തി എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടുത്തണമെന്നുമുള്ള ആവശ്യം നിരസിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റ്റി.ജെ.മാത്യു,
സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ മേയർമാർക്കും
നഗരാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ,
കൊല്ലം/കൊച്ചി/കോഴിക്കോട്
എല്ലാ നഗരസഭാ ചെയർമാൻമാർക്കും
എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്
ഡയറക്ടർ, കില, തൃശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ടോട്ടൽ സാനിട്ടേഷൻ മിഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം)
ധനകാര്യ വകുപ്പ്(21.06.2012 ലെ ധനകാര്യ വകുപ്പിന്റെ 52347/ഡെവ് 1/12/ധന നം അനൗദ്യോഗിക കുറിപ്പ്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് : തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.